ഇ എസ് 2/40318/2011/ആവഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി.03/06/2015

# നോട്ടീസ്

വിഷയം: ആവഡ- സീനിയർക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ശ്രീമതി.ഷീബാ സെബാസ്റ്റ്യന്റെ സീനിയോരിറ്റി നമ്പർ പുനക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. തിരുവനന്തപുരം ചീഫ് ഗവൺമെന്റ് അനലിസ്റ്റിന്റെ 05/05/2015 ലെ എ1/773/2015/ജി.എ.എൽ എന്ന നമ്പർ കത്ത്.

2. Advice No. DTB(1)3304/97KPSC TVM Dt.20/01/2004

3. Order.No.A2-13249/98/DMO(H) TVM Dt.19/02/2004

4 . ഈ ആഫീസിലെ 15/12/2014 ലെ ഇതേ നമ്പർ ഉത്തരവ്.

സീനിയർക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ സ്ഥാനം പുനർ നിർണ്ണയിച്ചു കൊടുക്കണമെന്നാവശ്യപ്പെട്ട് തിരുവനന്തപുരം ചീഫ് ഗവൺമെന്റ് അനലിസ്റ്റ് ലാബിലെ സീനിയർക്ലാർക്ക് ശ്രീമതി.ഷീബാ സെബാസ്റ്റ്യൻ സമർപ്പിച്ച അപേക്ഷ സൂചന 1 പ്രകാരം അയച്ചുതന്നിരിക്കുന്നു.

സൂചന 2,3 പ്രകാരമുള്ള ശുപാർശയുടേയും നിയമന ഉത്തരവിന്റേയും അടിസ്ഥാനത്തിൽ 26/02/2004 ന് ജോലിയിൽ പ്രവേശിച്ചു. 26/02/2006 ൽ പരിശീലനകാലം പൂർത്തിയാക്കുകയും ക്ലാർക്കുമാരുടെ 2003 മുതൽ 2008 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 83(ബി) ആയി ഉൾപ്പെടുത്തുകയും ചെയ്തു. 13/09/2012 ൽ സീനിയർക്ലാർക്കായി സ്ഥാനക്കയറ്റം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ സീനിയർക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 800 ാം നമ്പരായി ഉൾപ്പെടുത്തുകയും ചെയ്തു.

എന്നാൽ ശ്രീമതി. ഷീബാ സെബാസ്റ്റ്യനോടൊപ്പം ജോയിലിൽ പ്രവേശിച്ചതും സീനിയർക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചതുമായ ശ്രീമതി. ബീനാസാനുവിനെ സീനിയർ ക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 774 ാം നമ്പരായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിനാൽ അതിനടുത്തായി തന്നേയും ഉൾപ്പെടുത്തണമെന്നാണ് ആവശ്യപ്പെട്ടിക്കുന്നത്. പ്രസ്തുത വിഷയം വിശദമായി

പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ഷീബാ സെബാസ്റ്റ്യന്റെ അഭിപ്രായം ന്യായമാണെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ ടിയാളെ സീനിയർക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 800 ാം സ്ഥാനത്തുനിന്ന് 774 (എ) ആയി ഉൾപ്പെടുത്തുന്നതിന് താൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | ക്ലാർക്ക് തസ്തികയിലെ റാങ്ക് നമ്പർ (2003-2008) | വകുപ്പുതലപരീക്ഷയിൽ യോഗ്യത നേടിയ തീയതി | സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച തീയതി | സീനിയർ ക്ലാർക്ക് തസ്തികയിലെ നിലവിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികലെ പുതുക്കിയ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽസീനിയോരിറ്റിക്ക് കണക്കാക്കിയ തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | ബീനാ സാനു.വി.ഒ | 27/05/1966 | 31/05/2005 | 83 (എ) | MOP 1/05 AT(L) 1/05 | 14/08/2012 | 774 | 774 | 01/04/2011 |
| 2 | ഷീബാ സെബാസ്റ്റ്യൻ | 27/05/1978 | 26/02/2004 | 83 (ബി) | MOP 1/06 AT(L) 7/11 | 14/08/2012 | 800 | 774(എ) | 01/04/2011 |
| 3 | അമിർ. എം.എച്ച് | 17/04/1976 | 19/03/2004 | 84 | MOP 6/06 AT(L) 6/06 | 14/08/2012 | 775 | 775 | 01/04/2011 |

മേൽ നിശ്ചയിച്ച തരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ഈ നോട്ടീസ് തീയതി മുതൽ 30 ദിവസത്തിനകം നേരിട്ടോ തപാൽമാർഗ്ഗമോ ഈ സെക്ഷനിൽ ഹാജരാക്കേണ്ടതാണ്.

ഒപ്പ്
ടി.എം.ലാലി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ i/c

സ്വീകർത്താക്കൽ
1. എല്ലാ ജില്ലാമെഡിക്കൽ ആഫീസർമാർക്കും.
2. എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്കും.
3. ബന്ധപ്പെട്ട എല്ലാ ജവനക്കാർക്കും
4. ഇ.ഡി.1 സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ